(ഇ) വിദ്യാലയങ്ങളുടെയും വിദ്യാർത്ഥികളുടെയും എണ്ണം കണക്കാക്കി ഭരണ സൗകര്യത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഉച്ചഭക്ഷണ പദ്ധതി

70 (3800) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇതിന് ഓരോ കുട്ടിക്കും ഒരു ദിവസം ചെലവഴിക്കുന്ന തുകയെത്രയെന്ന് അറിയിക്കുമോ ;

(സി) തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കുടിശ്ശിക ഇനത്തിൽ എത്ര തുക കൊടുത്തുതീർക്കാനുണ്ട് ; അടിയന്തിരമായി അത് കൊടുത്തു തീർക്കുമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 5 രൂപയും 200 രൂപ പാചകക്കൂലിയും 151 മുതൽ 500 വരെ കുട്ടികളുള്ള സ്കൂളുകളിൽ പ്രതിദിനം കുട്ടിയൊന്നിന് 6 രൂപ (പാചകക്കൂലി ഉൾപ്പെടെ) 501-ൽ മുകളിൽ വരുന്ന സ്കൂളുകളിൽ 500 കുട്ടികൾ വരെ 6 രൂപയും, 500-ൽ മുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5 രൂപ വീതവും (പാചകക്കൂലി ഉൾപ്പെടെ) സ്കൂൾ പ്രവൃത്തി ദിവസം നൽകിവരുന്നു.

(സി) തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പലവ്യഞ്ജനങ്ങൾ, എണ്ണ, വിറക്, പച്ചക്കറി എന്നിവയുടെ ക്രമാതീതമായ വില വർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള പാചകച്ചെലവിന് നിലവിൽ കുട്ടിയൊന്നിന് 5, 6 രൂപ നിരക്കിൽ നൽകിവരുന്ന തുക കാലോചിതമായി പരിഷ്കരിക്കുവാൻ വിവിധ ഭാഗത്തുനിന്നും നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ നൽകിവരുന്ന 5 രൂപ എന്നത് 7 രൂപയായി വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉച്ചഭക്ഷണ വിതരണം നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കടിശ്ശിക ഇനത്തിൽ 2014-15 വരെ ഒരു തുകയും കൊടുത്തു തീർക്കാനില്ല.

അദ്ധ്യാപക പാക്കേജ്

71 (3801) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട്, അദ്ധ്യാപക സംഘടനകളുമായുള്ള ചർച്ചയുടെശേഷം തീരുമാനങ്ങളെന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന താല്പര്യം ഇക്കാര്യത്തിൽ സംരക്ഷിക്കുന്നതോടൊപ്പം, അദ്ധ്യാപകരുടെ ആവശ്യങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള തീരുമാനം എത്രയുംവേഗം കൈക്കൊള്ളുമോ ?

ഉത്തരം

(എ-സി) 1-10-2011-ലെ ജി.ഒ. (പി)199/11/പൊ.വി.വ. പ്രകാരമുള്ള അദ്ധ്യാപക പാക്കേജ് പിൻവലിക്കാനും 2015-16 മുതൽ തസ്തികനിർണ്ണയം 1:45-ൽ നടത്തുവാനും 2011-12 മുതൽ 2014-15 വരെ നിയമിതരായ റഗുലർ തസ്തികകളിലുള്ളവർക്ക് 1:30/1:35 അനുപാതത്തിൽ നിയമനാംഗീകാരം നൽകാനും അധികമാകുന്ന റഗുലർ അദ്ധ്യാപകർക്കും അദ്ധ്യാപക ബാങ്കിലുൾപ്പെട്ടവർക്കും സംരക്ഷണം നൽകുവാനും തീരുമാനമായിട്ടുണ്ട്.

അദ്ധ്യാപക പാക്കേജ്

72 (3802) ശ്രീ. മല്ലുക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്ന കാര്യത്തിൽ ഭരണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പാക്കേജ് എന്ന് പ്രാബല്യത്തിൽ വരും; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

1-10-2011-ലെ ജി.ഒ.(പി)199/11/പൊ.വി.വ. പ്രകാരമുള്ള അദ്ധ്യാപക പാക്കേജ് പിൻവലിക്കാനും 2015-16 മുതൽ തസ്തികനിർണ്ണയം 1:45-ൽ നടത്തുവാനും 2011-12 മുതൽ 2014-15 വരെ റഗുലർ തസ്തികകളിൽ നിയമിച്ചവരെ

LIBRARY ARCHIVES Kerala Legislative Assembly